©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2017 മേയ് 30<br>30th May 2017<br>1192 ഇടവം 16<br>16th Idavam 1192<br>1939 ജ്യേഷ്ഠം 9<br>9th Jyaishta 1939 | നമ്പർ<br>No. | 22 |

# PART III

# Fisheries Department

### വിജ്ഞാപനം

(1)

നമ്പർ ബി1/1100/2017. 2017 മേയ് 2.

എറണാകുളം ജില്ലയിൽ മുളവുകാട് വില്ലേജിൽ വല്ലാർപാടം ദേശത്ത് പനമ്പുകാട് കരയിൽ വാഴത്തറ വീട്ടിൽ ശ്രീ. പുരുഷോത്തമൻ, വി. യു. എന്നയാൾ മേൽപ്പടി വില്ലേജിൽ പുറമ്പോക്കു പുഴ സർവ്വേ നമ്പർ 845-ൽ കൂനൻപാട് ഊന്നി സംഘത്തിൽപ്പെട്ട 12, 15, 5 എന്നീ നമ്പർ ഊന്നികളുടെ ജമ ടിയാന്റെ പേർക്ക് അനുവദിക്കുന്നതിനായി നിശ്ചിത ഫോറത്തിൽ അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മുളവുകാട് വില്ലേജ് സർവ്വേ നമ്പർ 845-ൽ കൂനൻപാട് ഊന്നി സംഘത്തിലെ 12-ാം നമ്പരിൽ 2-ാം തരം ഒരു വല ഊന്നി സർട്ടിഫിക്കറ്റ് നമ്പർ 27 പ്രകാരം കൊച്ചി താലൂക്ക് മുളവുകാട് വില്ലേജ് അറക്കപ്പറമ്പിൽ വീട്ടിൽ ശ്രീ. എ. ആർ. സദാനന്ദൻ പേർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ളതാണ്. ടി ലൈൻസി ടി ഊന്നിപ്പാടിന്റെ അവകാശം 1991-ൽ എറണാകുളം സബ് രജിസ്ട്രാർ ആഫീസിലെ 1-ാം പുസ്തകം 913-ാം വാല്യം 299 മുതൽ 301 വരെ വശങ്ങളിൽ 3972-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള തീറാധാരപ്രകാരം അപേക്ഷകനായ ശ്രീ. പുരുഷോത്തമൻ, വി. യു. പേർക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

മേൽപ്പടി ഊന്നി സംഘത്തിലെ 15-ാം നമ്പർ 2-ാം തരം ഒരു വല ഊന്നിപ്പാട് സർട്ടിഫിക്കറ്റ് നമ്പർ 30 പ്രകാരം മുളവുകാട് വില്ലേജിൽ പുതുവീട്ടിൽ ശങ്കരൻ മകൻ കലേശൻ പേർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളതും ടി ലൈസൻസി 1992-ൽ എറണാകുളം സബ് രജിസ്ട്രാർ ആഫീസിലെ 1-ാം പുസ്തകം 940-ാം വാല്യം 99 മുതൽ 101 വരെ വശങ്ങളിൽ 2028-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള തീറാധാരപ്രകാരം പ്രസ്തുത ഊന്നിപ്പാടിന്റെ സകലവിധ അവകാശങ്ങളും അപേക്ഷകനായ ശ്രീ. പുരുഷോത്തമൻ, വി. യു. എന്നയാൾ പേർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതുമാണ്.

മേൽപ്പടി ഊന്നി സംഘത്തിലെ 5-ാം നമ്പർ 2-ാം തരം ഒരു വല ഊന്നിപ്പാടിന്റെ അവകാശ സർട്ടിഫിക്കറ്റ് നമ്പർ 20 പ്രകാരം മുളവുകാട് അയിനിക്കൽ വീട്ടിൽ ശ്രീ. വി. സദാനന്ദൻ പേർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളതും ടി ലൈസൻസി 1995-ൽ എറണാകുളം സബ് രജിസ്ട്രാർ ആഫീസിലെ 1-ാം പുസ്തകം 1166-ാം വാല്യം 127 മുതൽ 129 വരെ വശങ്ങളിൽ 5876-ാം നമ്പരായിട്ടു രജിസ്റ്റർ ചെയ്തിട്ടുള്ള തീറാധാരപ്രകാരം പ്രസ്തുത ഊന്നിപ്പാടിന്റെ സകലവിധമായ അവകാശങ്ങളും അപേക്ഷകനായ ശ്രീ. പുരുഷോത്തമൻ, വി. യു.-വിന്റെ പേർക്ക് രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ളതുമാണ്.

മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ളതുപ്രകാരം മുളവുകാട് വില്ലേജ് പുറമ്പോക്കു പുഴ സർവ്വേ നമ്പർ 845-ൽ കൂനൻപാട് ഊന്നി സംഘത്തിൽപ്പെട്ട 12, 15, 5 എന്നീ നമ്പർ ഊന്നികളുടെ അവകാശം മുളവുകാട് വില്ലേജിൽ വല്ലാർപാടം ദേശത്ത് പനമ്പുകാട് കരയിൽ വാഴത്തറ വീട്ടിൽ ശ്രീ. പുരുഷോത്തമൻ, വി. യു. എന്നയാൾക്ക് സിദ്ധിച്ചിട്ടുള്ള തിനാൽ മേൽപ്പടി ഊന്നിപ്പാട്ടുകളുടെ ഉടമസ്ഥത മേൽപ്പടിയാന്റെ പേർക്ക് അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസത്തിനകം ഈ ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. അപ്രകാരം പരാതികൾ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ മേൽ പരാമർശിച്ച ഊന്നികളുടെ ജമ ശ്രീ. പുരുഷോത്തമൻ, വി. യു., വാഴത്തറ വീട്, പനമ്പുകാട് എന്നയാളുടെ പേരിൽ പതിച്ച് പുതിയ ലൈസൻസും രജിസ്ട്രേഷനും അനുവദിക്കുന്ന താണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(2)

നമ്പർ ബി1/1101/2017. 2017 മേയ് 2.

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മുളവുകാട് വില്ലേജിൽ കണ്ടോത്ത് പറമ്പിൽ വീട്ടിൽ കുമാരൻ മകൻ കേശവൻ എന്നയാൾ പേർക്ക് ടി വില്ലേജിൽ പുറമ്പോക്കു പുഴ സർവ്വേ നമ്പർ 847-ൽ മട്ടക്കൽപാടിനും പുത്തൻപാടിനും ഇടയ്ക്ക് പുതിയ ലൈനിൽ സർട്ടിഫിക്കറ്റ് നമ്പർ 617 പ്രകാരം രജിസ്റ്റർ നമ്പർ 13-ൽ രണ്ടാം തരത്തിൽ ഒരു വല ഊന്നിപ്പാട് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടി ലൈസൻസി എറണാകുളം സബ് രജിസ്ട്രാർ ആഫീസിൽ 1998-ൽ 3-ാം പുസ്തകം 172-ാം വാല്യം 35 മുതൽ 37 വരെ വശങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 229-ാം നമ്പർ വിൽപത്രത്തിൽ മേൽപ്പടി ഊന്നിപ്പാടിന്റെ അവകാശം ലൈസൻസിയുടെ കാലശേഷം ടിയാന്റെ ഭാര്യ മീനാക്ഷിക്കും ടിയാരിയുടെ കാലശേഷം ടിയാൻമാരുടെ മകനായ ശ്രീ. കെ. കെ. സജീവന് സിദ്ധിക്കുന്നതായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

യഥാർത്ഥ ലൈസൻസിയായ ശ്രീ. കേശവനും ടിയാന്റെ ഭാര്യ മീനാക്ഷിയും മരണപ്പെട്ടുപോയതിനാൽ വിൽപത്ര വ്യവസ്ഥകൾ പ്രകാരം മേൽപ്പടി ഊന്നിപ്പാടിന്റെ അവകാശം ടിയാൻമാരുടെ മകനായ ശ്രീ. കെ. കെ. സജീവൻ സിദ്ധിച്ചിരിക്കുന്നു.

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മുളവുകാട് വില്ലേജിൽ കണ്ടോത്ത്പറമ്പിൽ വീട്ടിൽ കുമാരൻ മകൻ കേശവന് ടി വില്ലേജിൽ പുറമ്പോക്കു പുഴ സർവ്വേ നമ്പർ 847-ൽ സർട്ടിഫിക്കറ്റ് നമ്പർ 617-ൽ രജിസ്റ്റർ നമ്പർ 13 പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന രണ്ടാം തരം ഒരു വല ഊന്നിപ്പാടിന്റെ അവകാശം മേൽ ഖണ്ഡികയിൽ പരാമർശിച്ച വിൽപത്ര വ്യവസ്ഥകൾ പ്രകാരം ടിയാന്റെ മേൽപ്പടി വിലാസത്തിൽ ശ്രീ. കെ. കെ. സജീവന് സിദ്ധിച്ചിട്ടുള്ളതിനാൽ ടി ഊന്നിപ്പാടിന്റെ ജമ അപേക്ഷകനായ ശ്രീ. കെ. കെ. സജീവൻ കണ്ടോത്ത്പറമ്പിൽ വീട്, മുളവുകാട് എന്നയാൾ പേർക്ക് അനുവദിച്ച് ഉത്തരവാകുന്നതിന് ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ രണ്ട് മാസത്തിനകം രേഖാമൂലം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. അപ്രകാരം പരാതികൾ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ മേൽ പരാമർശിച്ച ഊന്നിപ്പാടിന്റെ ജമമാറ്റം മേൽ പരാമർശിച്ച ശ്രീ. കെ. കെ. സജീവന്റെ പേരിൽ നടത്തി പുതിയ ലൈസൻസും രജിസ്ട്രേഷനും അനുവദിക്കുന്ന താണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം (മേഖല),
എറണാകുളം,
ഡോ. സലിം അലി റോഡ്,
എറണാകുളം-682 018. (ഒപ്പ്)
ഫോൺ/ഫാക്സ്:0484 2394476 ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ
Email—ddfzonalekm@gmail.com (മേഖല), എറണാകുളം.